വടക്കേ മലബാറിൽ പെൻഷൻ ലഭിക്കുന്ന തെയ്യം കെട്ടുകാർ

47 (4086) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കേ മലബാറിൽ തെയ്യം കെട്ടി ജീവിച്ചിരുന്നവരിൽ ആർക്കെങ്കിലും പെൻഷൻ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) പെൻഷൻ വാങ്ങുന്നവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവശ കലാകാര പെൻഷനുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിമാസവരുമാനം 750 രൂപയിൽ കവിയാത്തവരുമായ സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും ബന്ധപ്പെട്ട അക്കാദമി വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) ശേഖരിച്ചു വരുന്നു.

കെ. ജി. അടിയോടി ട്രസ്റ്റിന്റെ പ്രവർത്തനം

48 (4087) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ജി. അടിയോടി ട്രസ്റ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ട്രസ്റ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) അടിയോടി ട്രസ്റ്റിന്റെ ഇപ്പോഴത്തെ ചെയർമാൻ ആരാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ട്രസ്റ്റിന്റെ പേരിൽ ലക്ഷക്കണക്കിന് രൂപ പിരിച്ചെടുത്തിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആസ്തി ബാധ്യതകളെക്കുറിച്ചും ഒരു അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 'എ' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആസ്തി ബാധ്യതകളെക്കുറിച്ചും ഒരു അന്വേഷണം നടത്തേണ്ടതായ സാഹചര്യം ഇപ്പോൾ ഇല്ല.

കേരള കലാമണ്ഡലത്തിലെ ഡിഗ്രികോഴ്സിന് അംഗീകാരം ലഭിക്കാൻ നടപടി

49 (4088) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാകണ്ഡലത്തിൽ ഡിഗ്രി കോഴ്സ് ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) യൂണിവേഴ്സിറ്റിയുടെ അംഗീകാരമില്ലാത്തതിനാൽ വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠിത്തം നിർത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അംഗീകാരം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2000 ആഗസ്റ്റിൽ

(ബി) ഡിഗ്രികോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിനായി സംസ്കൃത യൂണിവേഴ്സിറ്റിയുടെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ടുള്ള ബിൽ പാസ്സാക്കിയിട്ടുണ്ട്. മറ്റു നടപടികൾ അവസാനഘട്ടത്തിലാണ്.

(സി) വിദ്യാർത്ഥികളിൽ ചിലർ ഇടയ്ക്ക് വച്ച് പഠനം നിർത്തിപ്പോയിട്ടുണ്ട് എന്നാൽ അതിനുള്ള കാരണം അറിയിച്ചിട്ടില്ല.

(ഡി) ഉണ്ട്.

സാംസ്ക്കാരികവകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

50 (4089) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏതൊക്കെയായിരുന്നുവെന്നും ഏതെല്ലാം സാംസ്ക്കാരിക മേഖലകളെ സംബന്ധിച്ചുള്ളവയായിരുന്നു അവയെന്നും വ്യക്തമാക്കാമോ ;

(ബി) കേരളത്തിൽ അതിവേഗം അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, നാട്ടറിവുകൾ എന്നിവയുടെ ഡോക്യുമെന്റേഷൻ ഉദ്ദേശിച്ചുള്ള ഏതെങ്കിലും കൃതികൾ സാംസ്ക്കാരികവകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly